315 (1506) കോഴിക്കോട് നഗരത്തിലെ കാരായ്മ കുടിയാൻമാർക്ക് പട്ടയം നൽകാൻ നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ എത്ര കാരായ്മ- കുടിയാൻമാർ ഇതിനകം പട്ടയം കിട്ടാൻവേണ്ട അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൻമേൽ തീർപ്പായി;

(സി) ലഭിച്ച അപേക്ഷകളിൻമേൽ സമയബന്ധിതമായി തീർപ്പുണ്ടാക്കാൻ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്.

(ഡി) കാരായ്മ- കുടിയാൻമാരിൽ ചിലർക്ക് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻമാരിൽ ചിലരുടെ നടപടികളിൽ പരാതി ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരക്കാരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്)കോഴിക്കോട് ജില്ലയിലെ കാരായ്മ- കുടിയാൻമാരുടെ പട്ടയം എന്ന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം 553 പേർ.

(ബി) 80 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) കാരായ്മ- കുടിയായ്മ കേസ്സുകൾ കഴിയുന്നത്ര വേഗം തീർപ്പുകൽപ്പിക്കാൻ ലാന്റ് ട്രിബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി)&(ഇ) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്)കാരായ്മ-കുടിയാൻമാരുടെ അപേക്ഷകളിൻമേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് ലാന്റ് ട്രിബ്യൂണലുകൾ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി പട്ടയം നൽകുന്നതാണ്.

316 (1507) വിഴിഞ്ഞം ടൗൺഷിപ്പ് കോളനിക്ക് സ്ഥലമെടുത്ത നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് ടൗൺഷിപ്പ് കോളനിയിലെ പുനരധിവാസ പദ്ധതികൾക്കായി സ്ഥലമെടുത്ത വകയിൽ ആർക്കെങ്കിലും പൊന്നുംവില കൊടുക്കാൻ ശേഷിക്കുന്നതായി അറിയുമോ;

(ബി) എങ്കിൽ ആർക്കെല്ലാമാണെന്നും തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) അധിക പൊന്നുംവിലയ്ക്ക് കേസ്സ് നൽകി കോടതിവിധിയായ വകയിൽ ആർക്കെല്ലാം പൊന്നുംവില നൽകുവാനുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly